പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3289

08-11-2019-ൽ മറുപടിക്ക്

## സഹസ്ര സരോവരം പദ്ധതി

**ചോദ്യം**

**ശ്രീമതി. പി. അയിഷ പോറ്റി**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സഹസ്ര സരോവരം പദ്ധതി മുഖേന നിലവിൽ ജലാശയങ്ങളുടെ നവീകരണം നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സഹസ്ര സരോവരം പദ്ധതി മുഖേന ജലാശയങ്ങൾ നവീകരിക്കുന്ന പ്രവർത്തികൾ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണചുമതല ആർക്കാണെന്ന് വെളിപ്പെടുത്താമോ; | (ബി) | പ്രസ്തുത പദ്ധതി നബാർഡ്-ആർ.ഐ.ഡി.എഫ്, കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ എന്നീ സ്കീമുകളിലുൾപ്പെടുത്തി ഭരണാനുമതിയ്ക്ക് അനുസൃതമായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ജലാശയങ്ങൾ നവീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ജലാശയങ്ങൾ നവീകരിക്കുന്നതിനായി ആർ.കെ.വി.വൈ 2018-19 സ്കീമിലുൾപ്പെടുത്തി വിളക്കുടി പഞ്ചായത്തിലെ പള്ളിച്ചിറയുടെ നവീകരണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ